പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4049 — 26-06-2013-ൽ മറുപടിയ്ക്ക്

## തടയണകളുടെ സർവ്വേ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഇക്കൊല്ലത്തെ സംസ്ഥാന ബഡ്ജറ്റിൽ എത്ര തടയണകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത് ; | (എ) 400 കോടി രൂപയുടെ 700 തടയണകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) ഇതിൽ എത്ര എണ്ണത്തിന് ഇതിനകം ഭരണാനുമതി നല്കിയിട്ടുണ്ട് ; ഏതെല്ലാമെന്നു വ്യക്തമാക്കുമോ ; | (ബി) ഇതുവരെ ഒരു ചെക്ക്ഡാമിനും ഈ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) പ്രഖ്യാപിച്ചിട്ടുള്ള തടയണകളെ സംബന്ധിച്ചുള്ള സർവ്വേ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ; | (സി) ഇൻവെസ്റ്റിഗേഷൻ ആവശ്യമുള്ള ചില ചെക്ക് ഡാമുകളുടെ സർവ്വെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. |
| (ഡി) എങ്കിൽ എത്ര തടയണകളുടെ സർവ്വേയാണ് നടക്കുന്നതെന്നും, അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ? | (ഡി) വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## സർവ്വേ നടക്കുന്ന തടയണകളുടെ വിവരം

### മൈനർ ഇറിഗേഷൻ കൊല്ലം ഡിവിഷൻ

1. കുളത്തൂർ പുഴ പഞ്ചായത്തിൽ ശ്രീ ശാസ്താക്ഷേത്രത്തിന് സമീപം കുളത്തൂർ പുഴ റിവറിന് കുറുകെ തടയണയുടെ നിർമ്മാണം.
2. പത്തനാപുരം പഞ്ചായത്തിൽ പിടവൂർ ബ്രിഡ്ജിന് സമീപം കല്ലട റിവറിന് കുറുകെ ചെക്ക് ഡാമിന്റെ നിർമ്മാണം
3. പട്ടാഴി നോർത്ത് പഞ്ചായത്തിൽ ആറാട്ടുപുഴ ബ്രിഡ്ജിന് സമീപം കല്ലട റിവറിന് കുറുകെ ചെക്ക് ഡാമിന്റെ നിർമ്മാണം.
4. തെന്മല പഞ്ചായത്തിൽ പരപ്പുതോട്ടിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.

### മൈനർ ഇറിഗേഷൻ കോട്ടയം ഡിവിഷൻ

1. തിടനാട് പഞ്ചായത്തിലെ രണ്ടാം വാർഡിലെ പനയ്ക്കപ്പാലം കോണ്ടൂർ ഭാഗത്തിനടുത്തുള്ള ചിറ്റാർ തോടിന് കുറുകെയുള്ള ചെക്ക്-ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം.
2. വെള്ളാവൂർ പഞ്ചായത്തിലെ കുളത്തൂർമൂഴി പാലത്തിന് താഴെയുള്ള മണിമലയാറിന് കുറുകെയുള്ള ചെക്ക് ഡാമിന്റെ നിർമ്മാണം.
3. വെള്ളാവൂർ പഞ്ചായത്തിലെ ചിരകപ്പാറയിൽ മണിമലയാറിന് കുറുകെയുള്ള ചെക്ക് ഡാം കം-കോസ്‌വേയുടെ നിർമ്മാണം.
4. വെള്ളാവൂർ പഞ്ചായത്തിലെ ഏറത്തുവടകരയിൽ മണിമലയാറിന് കുറുകെയുള്ള ചെക്ക് ഡാം കം കോസ്‌വേയുടെ നിർമ്മാണം.

### മൈനർ ഇറിഗേഷൻ എറണാകുളം ഡിവിഷൻ

1. കോതമംഗലം പുഴയ്ക്ക് കുറുകെ പല്ലാരിമംഗലം പഞ്ചായത്തിനെയും കുവളങ്ങാട് പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന വെള്ളാരമറ്റം വരമ്പുപാറ ചെക്ക് ഡാം കം ബ്രിഡ്ജ്.
2. പിറവം പഞ്ചായത്തിലെ ചാലിയത്തുചിറയിലെ ചെക്ക് ഡാം നിർമ്മാണം.
3. കൂത്താട്ടുകുളം പഞ്ചായത്തിലെ വാർഡ് നം.2 ൽ ചോരക്കുഴി പള്ളിയ്ക്ക് സമീപം ഉഴവൂർ തോടിന് കുറുകെ ചെക്ക് ഡാം നിർമ്മാണം.

### മൈനർ ഇറിഗേഷൻ മലപ്പുറം ഡിവിഷൻ

1. തെന്നല, വേങ്ങര, എടരിക്കോട് എന്നീ പഞ്ചായത്തുകളിലെ പെരും പുഴ കടവിനടുത്ത് കടലുണ്ടിപുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം.
2. വേങ്ങര പഞ്ചായത്തിൽ പാണ്ടികശാലയ്ക്കടുത്ത് ബാക്കിയത്ത് കടലുണ്ടി പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം.

3. പുലമന്തോൾ പഞ്ചായത്തിലെ കൊല്ലിതോട് ചെമ്മല എന്ന സ്ഥലത്ത് തൂതപുഴയ്ക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം.
4. ഏലംകുളം പഞ്ചായത്തിലെ തോണിക്കടവ്-ഏലംകുളം എന്ന സ്ഥലത്ത് തൂതപുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.
5. മൂർക്കനാട് പഞ്ചായത്തിലെ കീഴ്മുറക്കടവ് മൂർത്തിക്കയം എന്ന സ്ഥലത്ത് തൂതപുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.
6. അമരമ്പലം പഞ്ചായത്തിലെ ചെട്ടിപ്പാടത്ത് കോട്ടപുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം.

മേജർ ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരം

വാമനപുരം ആറിനു കുറുകെ അയിലം കടവ്, കൂട്ടപ്പാറക്കടവ്, ആനക്കുട്ടി എന്നീ സ്ഥലങ്ങളിലും ഇത്തിക്കര ആറിൽ കോട്ടുകായലിന് സമീപവും പള്ളക്കലാറിൽ ചാമ്പക്കടവിന് സമീപവും കല്ലടയാറിൽ കടപുഴക്ക് സമീപവും മീനച്ചലാറ്റിൽ പാരാമ്പുഴ ടിമ്പർ ഡിപ്പോ പള്ളക്കടുത്ത് ഭാഗം, ആണ്ടൂർ, പാലാ ടൗൺ, വട്ടോളിക്കടവ്, പൂവത്തിനാൽക്കടവ്, ചെറിപ്പാട്, ശാന്തിഗിരി ചർച്ച് എന്നീ സ്ഥലങ്ങളിലും സർവ്വെ നടന്ന് വരികയാണ്.

മേജർ ഇറിഗേഷൻ നോർത്ത് സർക്കിൾ, കോഴിക്കോട്

1. എടവണ്ണ പഞ്ചായത്തിലെ പന്നിപ്പാറ പള്ളിമുക്കിൽ ചാലിയാർ പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ.
2. കൂട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിന് സമീപം കടലുണ്ടിപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ.
3. മഞ്ചേരി മുൻസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ.
4. പാണ്ടിക്കാട് പഞ്ചായത്തിലെ കടവിന് ഒറുവമ്പ്രം പാലത്തിന് താഴ് ഭാഗത്തായി കടലുണ്ടി പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ.

സെക്ഷൻ ഓഫീസർ